# കാക്കക്കുഞ്ഞിന്റെ കാരുണ്യം



**നളിനി ശശിധരൻ**

ദിവസങ്ങളായി തോരാത്ത മഴയും കാറ്റുമായിരുന്നു. ചിന്നുവും മിന്നുവും ഭക്ഷണം കഴിച്ചിട്ടു രണ്ടു മൂന്നു ദിവസമായി. അവർക്ക് പറന്നു പോയി ഇരതേടാനുള്ള ശേഷി ഇനിയും കൈവന്നിട്ടില്ല. അമ്മ അവരെ ചിറകിനടിയിൽ ഒതുക്കിവെച്ച് ചില്ലകൾക്കിടയിൽ പതുങ്ങിയിരുന്നു. പുറത്തുപോയി കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊണ്ടുവരാനാകാത്ത അവസ്ഥ.

വിശന്നു വലഞ്ഞ കുഞ്ഞുങ്ങൾ അമ്മയോട് വായ് പിളർന്നു കാട്ടി ബഹളം വെച്ചു. അമ്മ കൊക്കുരുമ്മി അവരെ ആശ്വസിപ്പിച്ചു. ‘അൽപം ക്ഷമിക്കൂ... മക്കളേ. മഴയൊന്നു തോർന്നു കിട്ടിയാൽ അമ്മ എവിടെയെങ്കിലും പോയി ഭക്ഷണം കൊണ്ടുവരാം.’’ പക്ഷേ മഴതോർന്നപ്പോഴേക്കും അമ്മ തണുത്തു വിറച്ച് താഴേക്കു വീണു.

നിലത്തു ചലനമറ്റുകിടക്കുന്ന അമ്മക്കിളിയെ നോ

▸▸ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റായ ഒരേയൊരു കേരളീയൻ– ചേറ്റൂർ ശങ്കരൻ നായർ



ക്കി മക്കൾ നെടുവീർപ്പിട്ടു. അമ്മയുടെ അടുത്തേക്കു പറന്നു ചെല്ലാൻ അവരുടെ ചിറകുകൾക്കു ശക്തി പോരാ.

ചിന്നു മിന്നുവിനോടു ചേർന്നിരുന്നു. എന്നിട്ടു പറഞ്ഞു: ‘‘ഇനി നമ്മളെ ആരാണ് നോക്കുന്നത്?! അച്ഛനെ നമ്മൾ കണ്ടിട്ടുകൂടെയില്ല. അച്ഛൻ എവിടെയാണെന്നും നമുക്കറിയില്ല. തീറ്റയില്ലാതെ എത്രനാൾ നമുക്ക് ഈ മരച്ചില്ലയിൽ കഴിച്ചുകൂട്ടാനാകും? അമ്മയെപ്പോലെ നമ്മളും കുഴഞ്ഞു നിലത്തുവീഴും!’’

‘‘ചിന്നൂ, നീ ഇങ്ങനെയൊന്നും പറയരുത്. എനിക്കുപേടിയാവുന്നു! ദൈവം നമുക്ക് എന്തെങ്കിലും ഒരു വഴി കാണിച്ചുതരും.’’ മിന്നു ചിന്നുവിനെ ആശ്വസിപ്പിച്ചു.

പെട്ടെന്ന് തൊട്ടടുത്ത മരത്തിൽ ഒരു കലപില ശബ്ദം അവർ കേട്ടു. ഒരു കാക്കമ്മ തന്റെ കുഞ്ഞുങ്ങളെ തീറ്റുകയാണ്. അവർ തങ്ങളുടെ അമ്മയെക്കുറിച്ചോർത്തു. എത്ര സ്നേഹത്തോടെയാണ് അമ്മ തങ്ങളെയും ഇതുപോലെ തീറ്റിയത്! അവർ ദയനീയമായി കാക്കമ്മയെ നോക്കി.

അത് തൊട്ടടുത്ത പ്ലാവിൽ നിന്നും പഴുത്ത ചക്കച്ചുള കൊത്തിയെടുത്തു കൊണ്ടുവന്ന് തന്റെ കുഞ്ഞുങ്ങളെ ഓരോരുത്തരെയായി ഊട്ടുകയാണ്. ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്ന മട്ടിൽ ഓരോരുത്തരും തീറ്റക്കായി മത്സരിക്കുകയാണ്. മിന്നു രണ്ടും കൽപിച്ച് കാക്കമ്മയെ വിളിച്ചു: ‘‘കാക്കമ്മേ... കാക്കമ്മേ... ഞങ്ങൾക്കും ഇത്തിരി ഭക്ഷണം തരാമോ? വിശന്നിട്ടുവയ്യ! പറക്കാൻ ഞങ്ങൾക്കറിയില്ല. ഞങ്ങളുടെ അമ്മ ചത്തുപോയി.’’ കാക്കമ്മ ഒന്നു ചരിഞ്ഞുനോക്കി. ‘‘ഹും! എന്റെ കുഞ്ഞുങ്ങളെ തീറ്റാൻതന്നെ എനിക്കു സമയം തികയുന്നില്ല. പിന്നെയല്ലേ ഇവറ്റകളെക്കൂടി തീറ്റുന്നത്!’’ അവൾ മുഖം വെട്ടിത്തിരിച്ചു.

കാക്കക്കുഞ്ഞുങ്ങളെല്ലാം നിറയെ ഭക്ഷണം കഴിച്ചു. കൂട്ടത്തിൽ മുടന്തുള്ള ഒരു കാക്കക്കുഞ്ഞ് ഉണ്ടായിരുന്നു. അവൾ ഒരിക്കലും ഭക്ഷണത്തിനായി ബഹളം വയ്ക്കാറില്ല. അമ്മ എല്ലാവരെയും തീറ്റിയശേഷം അവളുടെ അടുത്തേക്കുവരും. എന്നിട്ട് സ്നേഹത്തോടെ അവളുടെ വായിലേക്കു ഭക്ഷണം പകർന്നു കൊടുക്കും. അവൾ ഒറ്റക്കിരുന്ന് കുഞ്ഞിക്കിളികളെ ശ്രദ്ധിക്കുക

▸▸ ഇന്ത്യയുടെ ദേശീയ പതാക രൂപകൽപന ചെയ്ത വ്യക്തി– പിംഗലി വെങ്കയ്യ

യായിരുന്നു. അമ്മ ഭക്ഷണം വെച്ചുനീട്ടിയപ്പോൾ അവൾ വായ് തുറന്നില്ല. കാക്കമ്മ ഉൽക്കണ്ഠയോടെ ചോദിച്ചു: ''എന്താ മോളേ, നിനക്കെന്തു പറ്റി? നീ എന്താണ് ഭക്ഷണം കഴിക്കാത്തത്?''

''അമ്മേ, ആ കുഞ്ഞിക്കിളികളെ കണ്ടിട്ട് എനിക്കു സങ്കടം വരുന്നു! അവരും എന്നെപ്പോലെയല്ലേ? വിശന്നിട്ട് അൽപം ആഹാരം ചോദിച്ചാൽ കൊടുക്കാതിരിക്കുന്നതു ശരിയാണോ? അവരുടെ അമ്മ ചത്തുപോയിട്ടല്ലേ?''

''കുഞ്ഞേ, നിനക്കു ഞാൻ നല്ല തല്ലുവെച്ചു തരും. അവരുടെ അമ്മ ചത്തു പോയത് എന്റെ കുറ്റം കൊണ്ടാണോ? നീ നിന്റെ കാര്യം നോക്കിയാൽ മതി.''

''എനിക്കു വേണ്ട. അവർ വിശന്നിരിക്കുമ്പോൾ ഞാൻ മാത്രം എങ്ങനെയാണ് ഭക്ഷണം കഴിക്കുക.?! അവരും കുഞ്ഞുങ്ങളല്ലേ? അവരുടെ അമ്മ ചത്തുപോയത് അവരുടെ കുറ്റം കൊണ്ടാണോ? എല്ലാം ദൈവനിശ്ചയമല്ലേ? ഞങ്ങൾക്കാണ് ഈ ഗതി വന്നതെങ്കിലോ?''

കാക്കമ്മ അൽപനേരം മിണ്ടാതിരുന്നു. എന്നിട്ടു പറഞ്ഞു: ''മോളേ, ഞാൻ അങ്ങനെയൊന്നും തീരെ ചിന്തിച്ചില്ല. എന്റെ മക്കളെക്കുറിച്ചു മാത്രമാണ് ഞാൻ ചിന്തിച്ചത്. ഇപ്പോൾ നീ എന്നെ മറിച്ചു ചിന്തിക്കാൻ പ്രേരിപ്പിച്ചു. ഇനിമുതൽ അവർക്കും ഞാൻ അമ്മയായിരിക്കും.''

കൊക്കിലൊതുക്കിവെച്ച ഭക്ഷണവുമായി അവൾ കിളിക്കുഞ്ഞുങ്ങളുടെ അടുത്തേക്കു പറന്നു.

✦



▸▸ ഇന്ത്യയുടെ ദേശീയഗീതമായ വന്ദേമാതരം രചിച്ചതാര്– ബങ്കിം ചന്ദ്ര ചാറ്റർജി